മി. സ്പീക്കർ: അതൊക്കെ ചെയ്യാതിരിക്കാനുള്ള പഴുതുകളാണ്, ചെയ്യുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല.

(30) റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ പിക്കറ്റിംഗ്

ഡോക്ടർ എം. എ. കുട്ടപ്പൻ: സർ, നമ്മുടെ സംസ്ഥാനത്തെ റേഷൻ വ്യാപാരികളും തങ്ങളും ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ പിക്കറ്റിംഗ് നടത്തുകയാണ്. വില കുറഞ്ഞ നല്ലയിനം പുഴുക്കലരി വിതരണം ചെയ്യുക, കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ സാധനങ്ങൾ ലഭ്യമാക്കുക, പാമോയിൽ റേഷൻ കടകളിൽക്കൂടി മാത്രം വിതരണം ചെയ്യുക, മണ്ണെണ്ണ പൂർണ്ണതോതിൽ ലഭ്യമാക്കുക, കയറ്റുകൂലിയിൽ നിന്നും റേഷൻ വ്യാപാരികളെ ഒഴിവാക്കുക, ട്രാൻസ്പോർട്ടിംഗ് ചാർജ് ഏകീകരിക്കുക, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരുടെ അഴിമതി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തുന്നത്. റേഷൻ വ്യാപാരികൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്, ഹോൾസെയിൽ ഡിപ്പോയിൽ നിന്ന് റേഷൻ സാധനങ്ങൾ എടുത്ത് ലോഡ് ചെയ്തു ട്രാൻസ്പോർട്ട് ചെയ്തു സ്വന്തം ഡിപ്പോയിൽ എത്തിക്കാനുള്ള ദുർവ്വഹമായ ചെലവാണ് അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ബുദ്ധിമുട്ട്. അതുകൊണ്ട് ഈ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും കുറവ് ചെയ്യുന്നതിനും ഗവൺമെന്റ് മുൻകൈ എടുക്കണം. ഇന്ന് അവർക്ക് നൽകിയിരിക്കുന്ന നാമമാത്രമായ കമ്മീഷൻ വർദ്ധനവുകൊണ്ട് അവർക്ക് പ്രയോജനം ലഭിക്കുകയില്ല. ഈ ദുർവ്വഹമായ ചെലവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ വർദ്ധിപ്പിക്കുകയോ അതുമല്ലെങ്കിൽ ട്രാൻസ്പോർട്ടിംഗിനു വരുന്ന ചെലവ് കുറെ ഗവൺമെന്റ് വഹിക്കാൻ തയ്യാറാകുകയോ ചെയ്യണം. റേഷൻ വിതരണം ചെയ്യുന്ന ഏർപ്പാട് മാത്രമേ അവരെ ഏല്പിക്കാവൂ. തന്നേയുമല്ല 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 95 (2)-ാം വകുപ്പ് എന്ന കരിനിയമം ഭേദഗതി ചെയ്യണം. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തുന്ന പിക്കറ്റിംഗിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഇതിൽ ചില കാര്യങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ട്. നല്ല അരി വിതരണം ചെയ്യണമെന്നുപറഞ്ഞാൽ അത് എഫ്. സി. ഐ. ആണ് തരേണ്ടത്. ഏതായാലും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് വരുന്ന പഞ്ചമാസങ്ങളിലും ഓണക്കാലം വരെ നല്ല പുഴുക്കലരി കിട്ടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായിട്ട് എഫ്. സി. ഐ.-യുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറും നാളെ ഇവിടെ വരുന്നുണ്ട്. മോശമായ അരി വിതരണം ചെയ്യാൻ ഒക്കുകയില്ല എന്ന് അവരോട് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും ഇനി വരാൻ പോകുന്നത് മഴക്കാലവും, പഞ്ചമാസവുമൊക്കെയാണ്. പഞ്ചസാരയുടെ കാര്യത്തിൽ വന്ന വൈഷമ്യം എന്താണെന്നുവച്ചാൽ ഇടക്കാലത്ത് ഡീസലിന്റെ വിഷമം വന്നപ്പോൾ ട്രാൻസ്പോർട്ട് മുഴുവൻ തകർച്ചയിലായി. ഇപ്പോൾ അത് റെക്ടിഫൈ ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത മാസം ആകുമ്പോഴേക്കും കൺഫർമാക്കാൻ സാധിക്കും. അവർ പറയുന്ന കമ്മീഷന്റെ കാര്യത്തിലാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെയോ മറ്റ് ഏത് ഗവൺമെന്റിന്റെയോ കാലത്ത് കൊടുത്തതിനേക്കാൾ കമ്മീഷൻ ഈ ഗവൺമെന്റ് കൊടുത്തു. ഈ ഗവൺമെന്റിന്റെ കാലത്ത് 3 രൂപ അവർക്ക് വർദ്ധിപ്പിച്ചു. അതിൽ ഒരു രൂപയുടെ ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനാണ്. ആദ്യമായിട്ട് കൺസ്യൂമർക്ക് പാസ്സോൺ ചെയ്യാതെ ഗവൺമെന്റ് തന്നെ ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം നഷ്ടം സഹിച്ചാണ് അവർക്ക് കൊടുത്തിരിക്കുന്നത്. അതുപോലെതന്നെ റേഷൻ വ്യാപാരികൾക്ക് ബെനിഫിറ്റ് സ്കീം ഇപ്പോൾ ആവിഷ്ക്കരിക്കും എന്നുള്ളത് നിയമസഭയിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്. ഒരു കാര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. കയറിറക്കുകൂലി അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഐ. എൻ. ടി. യു. സി. ഉൾപ്പടെ വിവിധ യൂണിയനുകളാണ് അതാത് പ്രദേശത്ത് നിയന്ത്രിക്കുന്നത്. അത് ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് കഴിയുന്നിടത്തോളം രമ്യമായി തീർക്കാൻ ശ്രമിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വിചാരിച്ചാൽ ചുമട്ടുതൊഴിലാളികളുടെ കൂലി കൂട്ടാനോ കുറയ്ക്കാനോ സാധിക്കുകയില്ല എങ്കിലും പലപ്പോഴും കളക്ടർമാർ അത് രമ്യമായി തീർക്കാൻ ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെ 45 (2) എന്നു പറയുന്നതനുസരിച്ചുള്ള മാറ്റം വരുത്തി കഴിഞ്ഞു. അവർ ഉന്നയിച്ച ആവശ്യങ്ങളിൽ 90 ശതമാനവും അനുവദിച്ചു, അതിന് ഓരോ ഉത്തരവുകൾ ഇറക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സമരം ചെയ്യുന്നുണ്ടെങ്കിൽപോലും അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വമായിട്ടാണ് ഗവൺമെന്റ് പരിഗണിക്കുന്നത്.

(31) ശിശുക്കളെ വിദേശത്തേയ്ക്ക് ദത്തു നൽകുന്നതു സംബന്ധിച്ച് (2-4-1991-ലെ ശ്രീമതി ലീലാദാമോദരമേനോന്റെ സബ്മിഷനുള്ള മറുപടി)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, സംസ്ഥാനാന്തര ദത്തെടുക്കൽ ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ള അഞ്ച് ഏജൻസികളിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ എന്ന ഏജൻസിയും ഉൾപ്പെടും. ശിശുക്ഷേമ സമിതിയിൽ വരുന്ന അനാഥ ശിശുക്കളിൽ കൂടുതൽപേരെയും കേരളത്തിലെ കുട്ടികൾ ഇല്ലാത്ത മാതാപിതാക്കൾക്കാണ് ദത്തു നൽകുന്നത്. സ്വീഡനിലേക്ക് മാത്രമാണ് വിദേശത്തേയ്ക്ക് കുട്ടികളെ അയയ്ക്കാൻ ശിശുക്ഷേമസമിതിക്ക് അംഗീകാരം കൊടുത്തിട്ടുള്ളത്. ഡിസ്ട്രിക്ട് കോടതിയുടെ ഉത്തരവും നിയമാനുസൃതമുള്ള നടപടികളും നടത്തിയാണ് ദത്തെടുക്കുന്ന കുട്ടികളെ മാതാപിതാക്കളോടൊപ്പം വിദേശത്ത് അയയ്ക്കുന്നത്. അമേരിക്കയിലേക്ക് ശിശുക്ഷേമസമിതി കുട്ടികളെ അയച്ചിട്ടില്ല. എന്നാൽ ശിശുക്ഷേമ സമിതിയുടെ അറിവ് കൂടാതെ അമേരിക്കയിലേക്ക് അയയ്ക്കുന്നതിന് രണ്ടു കുട്ടികളുടെ അപേക്ഷ പൂരിപ്പിച്ചിട്ടുള്ളതായി അറിവ് കിട്ടിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷിച്ചുവരുന്നു. ഇതിന് ശിശുക്ഷേമ സമിതി പ്രവർത്തിക്കുന്നതായ ജില്ലയിൽപ്പെടുന്ന ജില്ലാ കോടതിയിലാണ് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly